"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ല – കറിച്ചി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എബ്രഹാം സി. മാത്യുവിനെതിരായ അച്ചടക്ക നടപടി - കെ.എസ്.ആർ ഭാഗം III ചട്ടം 3 (എ) പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.853/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 11/05/2020

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 07.05.2015-ലെ ഇ5(എസ് സി 72/14/KTM) 44004/14 നമ്പർ കത്ത്

2 പഞ്ചായത്ത് ഡയറക്ടറുടെ 19/10/2016, 27/07/2017-തീയതികളിലെ ഡി5-39301/15 നമ്പർ കത്ത്

3 സ ഉ (സാധാ) നം. 788/2019/തസ്വഭവ തീയതി 1/4/2019

4 സർ ക്കാരിന്റെ 17/07/2019-ലെ ഇപിബി2/614/2015/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 ശ്രീ. എബ്രഹാം സി. മാത്യു സമർപ്പിച്ച 01.01.2020-ലെ പ്രതിവാദ പത്രിക

6 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ(ഇകെഎം) 91/2020 നമ്പർ കേസിന്മേലുള്ള 27/01/2020 ലെ വിധിന്യായം.

**ഉത്തരവ്**

കറിച്ചി ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതും പരിപാലിക്കുന്നതും സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ 7/11/2014 ൽ വിജിലൻസ് വകുപ്പ് ആകസ്മിക പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. തെരുവു വിളക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല, ഗുണനിലവാരമില്ലാത്ത തെരുവു വിളക്കുകൾ വാങ്ങി സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടാക്കി തുടങ്ങിയ റിപ്പോർട്ടിലെ കണ്ടെത്തലുകളെ തുടർന്ന് പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എബ്രഹാം സി. മാത്യു മുൻ സീനിയർ ക്ലാർക്ക് ശ്രീ. എ.സി. യോഹന്നാൻ എന്നിവർക്ക് ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നല്കി അച്ചടക്ക നടപടികൾ ആരംഭിച്ചിരുന്നു. ഇതിന്മേൽ ടി ആളുകൾ എതിർവാദ പത്രിക ലഭ്യമാക്കുകയും അതിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) ലെ 19/10/2016 ലെ കത്ത് പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിരുന്നു . ടി ഉദ്യോഗസ്ഥർ സമർപ്പിച്ച എതിർവാദപത്രികകളിന്മേലുള്ള പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് പരിശോധിച്ചപ്പോൾ ടി വിഷയത്തിൽ ടി കുറ്റാരോപിതരുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള വീഴ്ചകൾ വിജിലൻസ് ചൂണ്ടിക്കാട്ടിയതിനെക്കാൾ ഗുരുതരമാണെന്ന് കണ്ടതിനെത്തുടർന്ന് ടി പഞ്ചായത്തിലെ കഴിഞ്ഞ പത്തു വർഷത്തെ തെരുവു വിളക്ക് വാങ്ങലും പരിപാലനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വകുപ്പുതല വിജിലൻസിനെക്കൊണ്ട് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു . അത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ പരാമർശം (2) ലെ 27/07/2017 കത്തിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.എബ്രഹാം സി മാത്യുവിന് 19.10.2017 ൽ കെ സി എസ് (സി സി & എ) ചട്ടങ്ങൾ ചട്ടം 15 പ്രകാരമുള്ള പുതുക്കിയ കുറ്റാരോപണമെമ്മോ നൽകുകയും ടിയാനെ ജില്ലയ്ക്ക് പുറത്തേക്ക് മാറ്റി നിയമിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി

സർക്കാർ ഉത്തരവാകുകയും ചെയ്തിരുന്നു.തുടർന്ന് ടിയാനെ കാസർഗോഡ് ജില്ലയിലെ മൂളിയാർ ഗ്രാമപഞ്ചായത്തിലേക്ക് മാറ്റി നിയമിച്ചു. കൂടാതെ കൃത്യമായ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല, തെരുവ് വിളക്കിന്റെ പല ഉപകരണങ്ങളും മെമ്പർമാർക്ക് വിതരണം ചെയ്തതായി കാണുന്നു,2013-14 വർഷത്തെ ഓഡിറ്റിൽ പരാമർശം വന്നിട്ട് പോലും തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയില്ല തുടങ്ങിയ വീഴ്ചകൾക്ക് മുൻ കാല സെക്രട്ടറിമാരും സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ജീവനക്കാരും ഉത്തരവാദികളാണെന്ന് കണ്ടതിനാൽ ടി കാലയളവിലെ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. ആയതിന് ശ്രീ.എബ്രഹാം സി മാത്യു , ശ്രീ.എ സി യോഹന്നാൻ എന്നിവരാണ് ടി കാലയളവിലെ ജീവനക്കാർ എന്ന് റിപ്പോർട്ട് ചെയതിരുന്നു.

പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. എബ്രഹാം സി മാത്യുവിനെ നേരിൽ കേട്ടിരുന്നു. എന്നാൽ ശ്രീ.എബ്രഹാം .സി . മാത്യു 30.09.2018ൽ സേവനത്തിൽ നിന്ന് വിരമിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ കെ എസ് ആർ പാർട്ട് III പ്രകാരം മാത്രമേ അച്ചടക്കനടപടി തുടരുവാനവുകയുള്ളൂ എന്നു കാണുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീ.എ.സി.യോഹന്നാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ആറുമാസത്തേക്ക് തടഞ്ഞുകൊണ്ട് ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കാമെന്നും 30.09.2018 - ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ.എബ്രഹാം മാത്യുവിനെതിരെയുള്ള അച്ചടക്ക നടപടി കെ.എസ്.ആർ ഭാഗം III ചട്ടം 3 (എ) പ്രകാരം തുടരാമെന്നും തീരുമാനിച്ച് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായി.

ശ്രീ.എബ്രഹാം സി മാത്യുവിന് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന് ടിയാൻ പരാമർശം (5) പ്രകാരം മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. ടിയാൻ 30/9/2018 ൽ സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്തിരുന്നുവെന്നും 7/11/2014 ൽ കോട്ടയം VACB നടത്തിയ പരിശോധനയിൽ കണ്ടെത്തിയ കേടായ ഇലക്ട്രിക് ഉപകരണങ്ങൾ പഴയ സ്റ്റോർ റൂമിൽ കണ്ടെത്തിയത് ടിയാൻ അറിയാതെയാണ് എന്നും ടിയാനെതിരെ 21/10/2017 ൽ പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ അന്വേഷണവും 13/8/2018 ൽ LSGD ഡെപ്യൂട്ടി സെക്രട്ടറി ഹീയറിംഗും നടത്തിയിട്ടുണ്ട് എന്നും അറിയിച്ചു. കൂടാതെ ടിയാന്റെ DCRG, Commutation തുടങ്ങിയ പെൻഷൻ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല എന്നും പെൻഷൻ കുറവുചെയ്യുന്ന കഠിനശിക്ഷയിൽ നിന്നും ഒഴിവാക്കണമെന്നും മറുപടിയിൽ അപേക്ഷിച്ചിട്ടുണ്ട്.

പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്തതിനെതിരെ ശ്രീ.എബ്രഹാം സി മാത്യു ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ സമർപ്പിച്ച ഒ.എ(ഇകെഎം) 91/2020 നമ്പർ കേസിന്മേലുള്ള പരാമർശം (6) വിധിന്യായത്തിൽ , ടിയാനെതിരായ അച്ചടക്ക നടപടി 3 മാസത്തിനുള്ളിൽ തീർപ്പാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ നൽകണമെന്ന് ഉത്തരവായിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കുറ്റാരോപണ മെമ്മോയിലെ ആരോപണങ്ങൾ ശ്രീ.എബ്രഹാം .സി. മാത്യു നിഷേധിച്ചിട്ടുള്ള സാഹചര്യത്തിൽ , ടിയാനെതിരെ സ്വീകരിച്ചു വരുന്ന അച്ചടക്ക നടപടിയിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനു മുമ്പായി ഈ വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ടെന്ന് കാണുന്നു. ശ്രീ.എബ്രഹാം .സി. മാത്യുവിനെതിരെ ഔപചാരിക അന്വേഷണം നടത്തുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയത്തെ അന്വേഷണ ഉദ്യോഗസ്ഥയായി നിയമിച്ച് ഉത്തരവാകുന്നു. ബഹു. ട്രിബ്യൂണലിന്റെ നിർദ്ദേശം സമയബന്ധിതമായി നടപ്പാക്കേണ്ടതിനാൽ അന്വേഷണ റിപ്പോർട്ട് കാലതാമസം കൂടാതെ 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
(കാരണം കാണിക്കൽ നോട്ടീസ്, പ്രതിവാദ പത്രിക എന്നിവയുടെ

File No.LSGD-EPB2/614/2015-LSGD

പകർപ്പുകൾ സഹിതം)

ശ്രീ. എബ്രഹാം സി. മാത്യു , മുൻ സെക്രട്ടറി, കുറിച്ചി ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ആഡിറ്റ്), കേരള, തിരുവനന്തപുരം

പ്രസിഡന്റ്/സെക്രട്ടറി, കുറിച്ചി ഗ്രാമപഞ്ചായത്ത്

ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ